2025 SEPTEMBER
15
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപന്നങ്ങൾ കയറ്റുമതി ചെയ്യാൻ 102 പുതിയ ഫിഷറീസ് സ്ഥാപനങ്ങൾക്ക് കൂടി ഇയു അംഗീകാരം

**കൊച്ചി:** യൂറോപ്യൻ യൂണിയനിലേക്ക് (ഇയു) ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപന്നങ്ങൾ കയറ്റുമതി ചെയ്യാൻ 102 പുതിയ ഫിഷറീസ് സ്ഥാപനങ്ങൾക്ക് കൂടി ഇയു അംഗീകാരം നൽകി. യുഎസ് തീരുവ ഭീഷണികളെ മറികടന്ന് യൂറോപ്യൻ വിപണിയിൽ ചുവടുറപ്പിക്കാൻ ഈ നീക്കം ഇന്ത്യയ്ക്ക് സഹായകമാകുമെന്ന് കരുതുന്നു. യൂറോപ്യൻ യൂണിയൻ അംഗീകാരമുള്ള ഇന്ത്യൻ സമുദ്രോൽപന്ന കയറ്റുമതി സ്ഥാപനങ്ങളുടെ എണ്ണം പുതിയ നീക്കത്തോടെ 538ൽ നിന്ന് 604 ആയി ഉയർന്നു.

കേന്ദ്ര വാണിജ്യമന്ത്രി പീയുഷ് ഗോയലും വാണിജ്യ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും യൂറോപ്യൻ യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചകൾക്കു ശേഷമാണ് പ്രഖ്യാപനം. സമുദ്രോൽപന്നങ്ങളുടെ ഉൽപാദനം മുതൽ വിപണനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റിയുടെയും (എംപിഇഡിഎ) എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിലിന്റെയും ( ഇഐസി) ശ്രമങ്ങളും നേട്ടത്തിന് പിന്നിലുണ്ട്. എല്ലാ ഘട്ടങ്ങളിലും ഉയർന്ന ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയുടെ സൂചനയാണ് ഈ നേട്ടമെന്ന് എംപിഇഡിഎ ചെയർമാൻ ഡി.വി.സ്വാമി പറഞ്ഞു.



യൂറോപ്യൻ യൂണിയൻ അംഗീകാരമുള്ള ഫിഷറീസ് സ്ഥാപനങ്ങളുടെ എണ്ണത്തിലെ കുറവ് കയറ്റുമതിക്കാർക്ക് വലിയ തടസ്സമായിരുന്നു.ബൽജിയം, സ്പെയിൻ, ഇറ്റലി എന്നിവയാണ് യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിൽ ഇന്ത്യയുടെ പ്രധാന വിപണികൾ. പുതിയ കരാർ വഴി നോർവേ, സ്വിറ്റ്സർലൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്കും വിപണി പ്രവേശനം സാധ്യമാകും. 2024– 25 കാലയളവിൽ 62,408.45 കോടി രൂപയുടെ മൂല്യമുള്ള 16,98,170 മെട്രിക് ടൺ സമുദ്രോൽപന്നങ്ങളാണ് ഇന്ത്യ കയറ്റുമതി ചെയ്തത്. യുഎസും ചൈനയുമാണ് ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപന്നങ്ങളുടെ പ്രധാന ഇറക്കുമതിക്കാർ. ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപന്ന കയറ്റുമതിയിൽ മൂന്നാമത്തെ വലിയ വിപണിയാണ് യൂറോപ്യൻ യൂണിയൻ. ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 15.10% വരും.

## ഡിസ്കൗണ്ടിൽ ടിക്കറ്റ്: എയർ ഇന്ത്യ എക്സ്പ്രസിൽ ബുക്ക് ഡയറക്ട് കാമ്പയിൻ

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസിന്റെ പുതിയ ബുക്ക് ഡയറക്ട് കാമ്പയിന്റെ ഭാഗമായി 20 ശതമാനം വരെ കിഴിവോടെ ടിക്കറ്റെടുക്കാൻ അവസരം. എയർ ഇന്ത്യ എക്സ്പ്രസിന്റെ വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നവർക്കാണ് പ്രമോ കോഡിലൂടെ കിഴിവ് ലഭിക്കുക. ആപ്പിലൂടെ ബുക്ക് ചെയ്താൽ കൺവീനിയൻസ് ഫീയും ഒഴിവാക്കാം. വിമാനകമ്പനിയുടെ വെബ്സൈറ്റിൽ airindiaexpress.com നെറ്റ് ബാങ്കിംഗ് പേയ്മന്റ് നടത്തുന്നവർക്കും കൺവീനിയൻസ് ചാർജില്ല. എയർ ഇന്ത്യ എക്സ്പ്രസിന് വിമാന സർവ്വീസുകളുള്ള 41 ആഭ്യന്തര, 17 അന്താരാഷ്ട്ര സ്ഥലങ്ങളിലേക്കും ഈ സേവനം ലഭ്യമാണ്.

ഇതിനു പുറമെ വിദ്യാർത്ഥികൾക്കും മുതിർന്ന പൗരർക്കും കുറഞ്ഞത് ആറ് ശതമാനം അധിക കിഴിവ് ലഭിക്കും. സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്ക് 50 ശതമാനം അധിക കിഴിവും ഉൾപ്പടെ 70 ശതമാനം വരെ കിഴിവിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കും. ചെറിയൊരു തുക നൽകി ഏഴ് ദിവസം വരെ ടിക്കറ്റ് നിരക്ക് ലോക്ക് ചെയ്യാവുന്ന ഫെയർ ലോക്ക് സംവിധാനവും എയർലൈൻ ലഭ്യമാക്കുന്നുണ്ട്. ഡെബിറ്റ്, ക്രെഡിറ്റ് മാസ്റ്റർകാർഡുകൾ ഉപയോഗിച്ച് ടിക്കറ്റുകൾ ബുക്ക് ചെയ്യുമ്പോൾ ആഭ്യന്തര യാത്രകൾക്ക് 250 രൂപയുടേയും അന്താരാഷ്ട്ര യാത്രകൾക്ക് 600 രൂപയുടേയും അധിക കിഴിവ് ലഭിക്കും. ഒരു മിനിറ്റിനുള്ളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്ന രാജ്യത്തെ വ്യോമയാന മേഖലയിലെ അത്യാധുനിക ടിക്കറ്റ് ബുക്കിംഗ് സംവിധാനമാണ് എയർ ഇന്ത്യ എക്സ്പ്രസിന്റേത്. വെബ്സൈറ്റിലൂടെയോ മൊബൈൽ ആപ്പിലൂടെയോ ഭക്ഷണം മുൻകൂറായി ബുക്ക് ചെയ്യുന്നവർക്ക് 50 ശതമാനം കിഴിവ് ലഭിക്കും. വിദേശ യാത്രയ്ക്ക് 18 മണിക്കൂർ മുൻപ് വരെയും ആഭ്യന്തര യാത്രകൾക്ക് 12 മണിക്കൂർ മുൻപ് വരെയും ഗോർമേർ ഭക്ഷണം ബുക്ക് ചെയ്യാം. ചെക്ക്ഇൻ ബാഗേജ് ഇല്ലാതെ യാത്ര ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിൽ എക്സ്പ്രസ് ലൈറ്റ്, 15 കിലോ ചെക്ക്ഇൻ ബാഗേജുമായി യാത്ര ചെയ്യുന്നവർക്ക് എക്സ്പ്രസ് വാല്യൂ, യാത്രാ തീയതികളിൽ അനിശ്ചിതത്വം ഉള്ളവർക്കായി എക്സ്പ്രസ് ഫ്ളെക്സ് തുടങ്ങി യാത്രക്കാരുടെ താത്പ്പര്യങ്ങൾക്കനുസരിച്ച് തിരഞ്ഞെടുക്കാവുന്ന നിരക്കുകളാണ് എയർ ഇന്ത്യ എക്സ്പ്രസിലുള്ളത്. കൂടാതെ എക്സ്പ്രസ് ബിസ് നിരക്കിൽ 25 ശതമാനവും ആഭ്യന്തര യാത്രകളിലെ ബിസ് അപ്ഗ്രേഡിൽ 20 ശതമാനവും കിഴിവ് ലഭിക്കും. യാത്രക്കാർക്ക് പ്രത്യേക ടിക്കറ്റ് നിരക്ക്, ഇഷ്ടമുള്ള സീറ്റുകൾ, ഗോർമേർ ഭക്ഷണം തുടങ്ങി ഓരോ യാത്രയും വ്യക്തിഗതമാക്കുന്ന എയർ ഇന്ത്യ എക്സ്പ്രസിന്റെ ഫ്ളൈ അസ്യു ആർ വാഗ്ദാനത്തെയാണ് ബുക്ക് ഡയറക്ട് കാമ്പയിനിലൂടെ എയർലൈൻ യാഥാർത്ഥ്യമാക്കുന്നത്.

## ട്രൈറ്റൺ വാൽവ്സ് സുവർണ ജൂബിലി ആഘോഷിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ ഓട്ടോമോട്ടീവ് ടയർ വാൽവ് നിർമ്മാതാക്കളും ആഗോളതലത്തിൽ പ്രമുഖ വ്യവസായങ്ങളുടെ എഞ്ചിനീയറിംഗ് പങ്കാളിയുമായ ട്രൈറ്റൺ വാൽവ്സ് ലിമിറ്റഡ് അമ്പതാം വാർഷികം ആഘോഷിച്ചു. ഈ മാസം 10ന് ബെംഗളൂരുവിലെ ഐടിസി ഗാർഡേനിയയിലെ മൈസൂർ ഹാളിൽ നടന്ന ആഘോഷപരിപാടിയിൽ മൈസൂർ മഹാരാജാവ് ഹിസ് ഹൈനസ് യദുവീർ കൃഷ്ണദത്ത ചാമരാജ വാഡിയാർ, ഇൻഫോസിസ് സഹസ്ഥാപകനും ചെയർമാനുമായ നന്ദൻ നിലേകനി, ആതർ എനർജി സഹസ്ഥാപകൻ സ്വപ്നിൽ ജെയിൻ തുടങ്ങിയവരും പങ്കെടുത്തു.

ചടങ്ങിൽ മൈസൂർ മഹാരാജാവ് യദുവീർ കൃഷ്ണദത്ത ചാമരാജ വാഡിയാർ കോർ സ്ട്രെങ്ത്’എന്ന രൂപ പൈ രചിച്ച പുസ്തകത്തിന്റെ കവർ അനാച്ഛാദനം ചെയ്തു. പരിപാടിയുടെ ഭാഗമായി ഭൂതകാലത്തെ ആദരിക്കൽ, ഭാവിയെ പ്രചോദിപ്പിക്കൽ എന്ന പേരിൽ നടന്ന ചർച്ചയിൽ നന്ദൻ നിലേകനി, സ്വപ്നിൽ ജെയിൻ, ആദിത്യ എം. ഗോകർൺ തുടങ്ങിയവർ പങ്കെടുത്തു. ട്രൈറ്റണിന്റെ 50 വർഷത്തെ പ്രവർത്തനങ്ങൾ അടയാളപ്പെടുത്തുന്ന ഇന്ത്യ പോസ്റ്റ് പ്രത്യേക അനുസ്മരണ കവർ ബാംഗ്ലൂർ ജിപിഒയിലെ തപാൽ സേവന ഡയറക്ടർ താര ഐപിഒഎസിൽ നിന്ന് അനുരാധ എം ഗോകർൺ ഏറ്റുവാങ്ങി.മൈസൂരിന്റെ നവീകരണ പൈതൃകത്തിനും ഇന്ത്യയുടെ സ്വാശ്രയത്വ മനോഭാവത്തിനും അഭിമാനകരമായ സാക്ഷ്യമായി ട്രൈറ്റൺ വാൽവ്സ് നിലകൊള്ളുന്നതായി യദുവീർ കൃഷ്ണദത്ത ചാമരാജ പറഞ്ഞു




## പുതിയ ക്യാൻസർ വാക്സിനുകളുടെ ലക്ഷ്യം രോഗം ആവർത്തിക്കുന്നത് തടയൽ: ഐഎംഎ റിസർച്ച് സെൽ

**കൊച്ചി:** പുതുതായി വികസിപ്പിച്ചെടുത്ത ക്യാൻസർ വാക്സിൻ, അർബുദത്തെ പ്രതിരോധിക്കാനുള്ളതല്ല, മറിച്ച് ഒരിക്കൽ കാൻസർ ബാധിതരായവരിൽ, രോഗം ആവർത്തിക്കുന്നത് തടയാനുള്ളതാണെന്ന്, കേരള സ്റ്റേറ്റ് ഐഎംഎ റിസർച്ച് സെൽ കൺവീനറും, ഐഎംഎ കൊച്ചിൻ സയന്റിഫിക് കമ്മിറ്റി ചെയർമാനുമായ ഡോ. രാജീവ് ജയദേവൻ. കൊച്ചി ലേ മെറിഡിയനിൽ നടക്കുന്ന ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ ഓങ്കോളജി സൊസൈറ്റിയുടെ (ജിഐഒഎസ്) രണ്ടാമത് വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ ചികിത്സാ ക്യാൻസർ വാക്സിനുകളുടെ വികസനം ഉൾപ്പെടെ, ക്യാൻസർ ചികിത്സ രംഗത്ത് കൈവരിച്ച പുരോഗതികൾ എടുത്തുപറഞ്ഞുകൊണ്ടാണ്, ഡോ. രാജീവ് ഇക്കാര്യം വ്യക്തമാക്കിയത്. പുതിയ വാക്സിൻ, ആരോഗ്യവാന്മാരിൽ, കാൻസർ പ്രതിരോധിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതല്ല. മറിച്ച് രോഗം ആവർത്തിക്കുന്നത് തടയാനാണ്. രോഗിയുടെ ശരീരത്തിലുള്ള പ്രതിരോധ സംവിധാനത്തെ, അവരവർക്കു മുൻപ് വന്ന പ്രത്യേക ഇനം കാൻസറിന്റെ കോശങ്ങളെ തിരിച്ചറിയാനും, അഥവാ പിൽക്കാലത്ത് അതേ കാൻസർ തിരികെ വന്നാൽ അവയെ ഇല്ലാതാക്കാനും പരിശീലിപ്പിക്കുകയാണ് ചെയ്യുന്നത്. അത്തരത്തിൽ ഇത്, ഇമ്യൂണോതെറാപ്പിയുടെ ഭാഗമായി വരുന്ന ഒരു വ്യക്തിഗത നിയോ ആന്റിജൻ തെറാപ്പിയാണെന്നും ഡോ. രാജീവ് ജയദേവൻ വിശദീകരിച്ചു. വിവരാധിക്യവും, ചിന്താശേഷിക്കുറവുമാണ്, ആധുനിക ചികിത്സ രംഗം അനുഭവിക്കുന്ന വെല്ലുവിളിയെന്നും, അദ്ദേഹം അഭിപ്രായപ്പെട്ടു. ക്യാൻസർ ചികിത്സ രംഗം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്നും, ഓരോ രോഗിക്കും അനുയോജ്യമായ രീതിയിലുള്ള ചികിത്സ നൽകുക എന്നതാണ് ആരോഗ്യപ്രവർത്തകരുടെ കടമയെന്നും കോൺഫറൻസ് ഓർഗനൈസിങ് സെക്രട്ടറിയും, ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ ഓങ്കോളജി സീനിയർ കൺസൾട്ടന്റുമായ ഡോ. അരുൺ ആർ. വാരിയർ പറഞ്ഞു.

രോഗ പ്രതിരോധം, രോഗനിർണയം, ചികിത്സ എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ ചർച്ച ചെയ്യുന്നതിനായി ഇരുന്നൂറിൽ അധികം ഓങ്കോളജിസ്റ്റുകൾ, ഗ്യാസ്ട്രോഎൻട്രോളജിസ്റ്റുകൾ, മറ്റ് മെഡിക്കൽ പ്രൊഫഷണലുകൾ എന്നിവരാണ് മൂന്ന് ദിവസത്തെ സമ്മേളനത്തിൽ ഒരുമിച്ചിരിക്കുന്നത്. ദേശീയ അന്തർദേശീയ രംഗത്തെ, പ്രമുഖർ പങ്കെടുക്കുന്ന സമ്മേളനത്തിൽ ശസ്ത്രക്രിയയില്ലാത്ത ചികിത്സാ മാർഗങ്ങളെക്കുറിച്ചുള്ള പ്രത്യേക സെഷനുമുണ്ട്. വൻകുടൽ അർബുദത്തിനുള്ള ശസ്ത്രക്രിയ, റേഡിയേഷൻ, ജീനോമിക് മേഖലകളെക്കുറിച്ചുള്ള വർക്ക്ഷോപ്പുകളും സമ്മേളനത്തിൽ ഉൾപ്പെടുന്നു. ജിഐഒഎസ് വൈസ് പ്രസിഡന്റ് ഡോ. റീന എഞ്ചിനീയർ, ജിഐഒഎസ് സെക്രട്ടറി ഡോ. രാഹുൽ കൃഷ്ണട്രി, ജിഐഒഎസ് 2025 ശാസ്ത്ര സമിതി ചെയർമാനും, ലിസി ആശുപത്രിയിലെ റേഡിയേഷൻ ഓങ്കോളജിസ്റ്റുമായ ഡോ. അരുൺ ലാൽ, രാജഗിരി ആശുപത്രിയിലെ സീനിയർ ഗാസ്ട്രോഎന്ററോളജിസ്റ്റ് ഡോ. ഫിലിപ്പ് അഗസ്റ്റിൻ, എം.വി.ആർ കാൻസർ സെന്റർ ഡയറക്ടർ ഡോ. നാരായണൻകുട്ടി വാരിയർ, എ.ആർ.ഒ.ഐ നാഷണൽ പ്രസിഡന്റ് ഇലക്ട് ഡോ. സി. എസ്. മാധു, ഐ.സി.എം.ആർ എൻ.സി.ഡി.ഐ.ആർ ഡയറക്ടർ ഡോ. പ്രശാന്ത് മാതൂർ തുടങ്ങിയവർ സംസാരിച്ചു.

# എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സ്ത്രീകൾക്കായി പ്രത്യേക ക്ലിനിക്

**തിരുവനന്തപുരം:** എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും (5415) ചൊവ്വാഴ്ചകളിൽ സ്ത്രീകൾക്കായി പ്രത്യേക വെൽനസ് ക്ലിനിക് ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വിളർച്ച, പ്രമേഹം, രക്താതിമർദം, കാൻസർ സ്ക്രീനിംഗ് തുടങ്ങിയവയും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനും ഈ ക്ലിനിക്കുകളിലൂടെ സാധിക്കുന്നു. ഈ പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 16ന് നടക്കും. പരമാവധി സ്ത്രീകൾ വെൽനസ് ക്ലിനിക്കുകളിൽ വന്ന് ആരോഗ്യ പരിശോധന നടത്തണം. അതിനവരെ പ്രോത്സാഹിപ്പിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. ഫേസ്ബുക്ക് ലൈവിലൂടെ ആരോഗ്യ പ്രവർത്തകരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.




ഈ കാലഘട്ടത്തിൽ ഒട്ടേറെ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ആരോഗ്യ മേഖലയ്ക്കായി. കേരളത്തിലെ ശിശു മരണനിരക്ക് അമേരിക്കൻ ഐക്യനാടുകളിലെ ശിശു മരണ നിരക്കിനെക്കാളും കുറഞ്ഞതായി. ഈ നേട്ടത്തിനായി പ്രയത്നിച്ച എല്ലാ ആരോഗ്യ പ്രവർത്തകരേയും അഭിനന്ദിക്കുന്നു. ആരോഗ്യ മേഖലയിൽ കൈവരിക്കുന്ന ഓരോ റെക്കോർഡും അടുത്ത വർഷം കൂടുതൽ മെച്ചപ്പെടുത്താനാണ് ശ്രമിക്കുന്നത്.

അമീബിക് മസ്തിഷ്ക ജ്വരം കേരളം നേരത്തെ തന്നെ കണ്ടുപിടിക്കുന്നുണ്ട്. വളരെ ഉയർന്ന മരണനിരക്കുള്ള രോഗത്തിൽ നിന്നും അനേകം പേരെ രക്ഷിക്കാനും മരണ നിരക്ക് ഗണ്യമായി കുറയ്ക്കാനും സാധിച്ചു. പ്രോട്ടോകോൾ തയ്യാറാക്കുകയും മസ്തിഷ്ക ജ്വരം ബാധിച്ചവർക്ക് അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ പരിശോധനകൾ കൂടി നടത്തുകയും ചെയ്യുന്നു. ഇതിലൂടെ പലരേയും രക്ഷിക്കാനായി. ആയിരക്കണക്കിന് ആരോഗ്യ പ്രവർത്തകരാണ് ആരോഗ്യ മേഖലയിലുള്ളത്. ഈ സർക്കാരിന്റെ കാലത്ത് 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. 885 കുടുംബാരോഗ്യ കേന്ദ്രങ്ങളുണ്ട്. താലൂക്ക് തലംമുതൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി. സ്ത്രീകളുടെ ആരോഗ്യത്തിന് പ്രത്യേക പ്രാധാന്യം നൽകി. കാൻസർ സ്ക്രീനിംഗിനായി പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചു. 18 ലക്ഷത്തിലധികം പേരെ സ്ക്രീൻ ചെയ്തു. വിളർച്ച പരിഹരിക്കുന്നത് വിവ കേരളം ക്യാമ്പയിൻ ആരംഭിച്ചു. ഇതിന് പിന്നാലെയാണ് പ്രത്യേക വെൽനസ് ക്ലിനിക്കുകൾ ആരംഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു.



# ചന്ദനമരം മുറിക്കാൻ അനുമതി: പട്ടയ ഭൂമിയിലെ മരംമുറിക്കലിൽ അവ്യക്തത

**പത്തനംതിട്ട:** സ്വകാര്യ ഭൂമിയിലെ ചന്ദനമരം വനം വകുപ്പു മുഖേന മുറിച്ച് വിൽപന നടത്തുന്നതിനുള്ള കരട് ബില്ലിന് മന്ത്രിസഭ അംഗീകാരം നൽകിയെങ്കിലും പട്ടയഭൂമിയിലെ ഇതര മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട അവ്യക്തത തുടരുന്നു.

പട്ടയഭൂമിയിൽ കർഷകൻ പരിപാലിച്ചുപോരുന്ന മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ വനംവകുപ്പ് ഇപ്പോഴും തടസവാദങ്ങൾ ഉന്നയിക്കുന്നുണ്ട്. പ്ലാവ്, ആഞ്ഞിലി, തേക്ക്, ഈട്ടി, മഹാഗണി തുടങ്ങിയ മരങ്ങൾക്ക് ഈ പ്രശ്നം നിലനിൽക്കുകയാണ്. കർഷക ഭൂമിയിലെ മരങ്ങൾ മുറിക്കാൻ അനുമതി നൽകി ഇതിനോടകം സർക്കാർ തലത്തിൽ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടെങ്കിലും ഇത് അംഗീകരിച്ച് അനുമതി നൽകാൻ വനംവകുപ്പ് ഉദ്യോഗസ്ഥർ തയാറാകുന്നില്ല.

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മലയോര മേഖലയിലാണ് ഇതുമായി ബന്ധപ്പെട്ട തർക്കങ്ങൾ അടിക്കടി ഉണ്ടാകുന്നത്. പട്ടയം ലഭിച്ചതും ലഭിക്കാനുള്ളതുമായ ഭൂപ്രദേശങ്ങൾ ഉണ്ടെന്ന പേരിലാണ് വനംവകുപ്പിന്റെ ഇടപെടൽ. കൈവശാവകാശമുള്ളതും തലമുറുകളായി തങ്ങൾ കൈവശംവച്ചുവരുന്നതുമായ കൃഷിയിടങ്ങളിൽ നട്ടുവളർത്തിയ മരങ്ങൾ മുറിച്ചുനീക്കാനുള്ള അവകാശത്തിനാണ് കർഷകർ വാദിക്കുന്നത്.

എന്നാൽ, പട്ടയം, കൈവശാവകാശരേഖ ഇവ സംബന്ധിച്ച് വനംവകുപ്പിന്റെ തടസവാദങ്ങൾ നിലനിൽക്കുന്ന പ്രദേശത്ത് ഏതുതരം മരം മുറിക്കാനും അനുമതി നൽകാറില്ല. കർഷകർ തങ്ങളുടെ ജീവനോപാധിയായി നട്ടുവളർത്തുകയും മക്കളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കായി മരങ്ങൾ മുറിച്ചുമാറ്റുകയും ചെയ്യുമ്പോഴാണ് വനംവകുപ്പിന്റെ ഇടപെടലുകൾ പലപ്പോഴും ഉണ്ടാകുന്നത്. ഇതു സംഘർഷങ്ങൾക്കു വഴിവയ്ക്കാറുമുണ്ട്.

ഇത്തരം പ്രശ്നങ്ങൾ പരിശോധിച്ച് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് വ്യക്തമായ ഉത്തരവ് നൽകിയിരുന്നെങ്കിലും വനംവകുപ്പിലെ ചില ഉദ്യോഗസ്ഥർ ഇതിലും വെള്ളം ചേർത്തു. മുറിച്ചുമാറ്റാൻ കഴിയുന്ന മരങ്ങളുടെ പട്ടിക തയാറാക്കിയപ്പോഴും പട്ടയഭൂമി എന്ന വ്യാഖ്യാനത്തിലും പിഴവുകൾ ചൂണ്ടിക്കാട്ടി വനംവകുപ്പ് തർക്കവാദങ്ങളുന്നയിച്ചു. നൂറു വർഷങ്ങൾക്കു മുകളിൽ നൽകിയിട്ടുള്ള പതിവ് ഭൂമികളിൽ മാത്രമാണ് അനുമതി നൽകിയത്.

വനംവകുപ്പ് ഭക്ഷ്യോത്പാദന ആവശ്യങ്ങൾക്കായി നൽകിയിട്ടുള്ള ഭൂമിയിൽ മരങ്ങൾ മുറിക്കാൻ അനുമതി നൽകാറില്ല. ഇത്തരം സ്ഥലങ്ങളിൽ പാഴ്മരങ്ങൾ മുറിക്കാൻ പോലും വനംവകുപ്പ് തടസവാദം ഉന്നയിച്ചിട്ടുണ്ട്.

ചന്ദനമരം നട്ടുവളർത്തി വെട്ടിവിൽക്കാനുള്ള അനുമതി കർഷകനു നൽകുന്നതിലൂടെ കൃഷി പ്രോത്സാഹിപ്പിക്കകയാണ് സർക്കാർ ലക്ഷ്യം. ഒരു കിലോ ചന്ദനത്തിന് ഏറ്റവും കുറഞ്ഞത് നാലായിരം മുതൽ ഏഴായിരം രൂപ വരെയാണ് ഇപ്പോൾ മാർക്കറ്റ് വില. ചന്ദനത്തിന്റെ ഗുണനിലവാരമനുസരിച്ച് വിലയിൽ വീണ്ടും വർധന ഉണ്ടാകും.

നിലവിൽ സ്വന്തം ഭൂമിയിൽനിന്നു ചന്ദനമരം മോഷണം പോയാലും സ്ഥലം ഉടമയ്ക്കെതിരേ കേസ് എടുക്കാറുണ്ട്. അതിനാൽത്തന്നെ ചന്ദനമരം വച്ചുപിടിപ്പിക്കാൻ ആളുകൾ തയാറല്ലായിരുന്നു. ചന്ദനമരം മുറിച്ചുമാറ്റാൻ പാകമാകണമെങ്കിൽത്തന്നെ നൂറുവർഷം വേണ്ടിവരും. കർഷകരെ സംബന്ധിച്ചിടത്തോളം കൃഷിയും ലാഭകരമല്ല.

നിലവിലുള്ള നിയമപ്രകാരം ഉണങ്ങിയ ചന്ദനമരങ്ങളും അപകടകരമായവയും മുറിക്കുന്നതിനു മാത്രമാണ് അനുമതിയുള്ളത്. സ്വന്തം ആവശ്യത്തിന് വീടുവയ്ക്കുന്നതിനുള്ള സ്ഥലത്തെ മരവും മുറിക്കാൻ അനുമതി നൽകുന്നതാണ്.

റവന്യൂ വകുപ്പ് പതിച്ചുനൽകിയ ഭൂമിയിലുള്ളതും സർക്കാരിലേക്കു റിസർവ് ചെയ്തതുമായ ചന്ദനമരങ്ങൾ മുറിക്കാൻ ബില്ലിൽ അനുവാദം നൽകുന്നില്ല. ഇതിനു ഭൂമിക്കു പട്ടയം നൽകുന്നത് സംബന്ധിച്ച് ഭൂപതിവ് റവന്യൂ നിയമങ്ങളിൽ ഭേദഗതി വേണമെന്നതിനാലാണിത്. ഇത്തരം സ്ഥലങ്ങളിൽ നിൽക്കുന്ന മറ്റു മരങ്ങൾ മുറിക്കാനം അനുമതിയില്ല.

വനമേഖലയോടു ചേർന്ന പ്രദേശങ്ങളിലാണ് തർക്കം ഏറെയുള്ളത്. ഇത്തരം സ്ഥലങ്ങളിൽ നൽകിയിട്ടുള്ള ഭൂ രേഖകൾ വനംവകുപ്പ് അംഗീകരിച്ചിട്ടില്ല. സ്ഥലത്തിനു പട്ടയം തേടിയുള്ള അപേക്ഷകളും തീരുമാനമാകാതെ കിടക്കുകയാണ്. സ്വന്തം പുരയിടത്തിലെ മരം മുറിച്ച് വീടുവയ്ക്കാൻ പോലും ഭൂ ഉടമയ്ക്ക് അനുമതിയില്ലാത്ത സാഹചര്യം നിലവിലുണ്ട്.

## കുസാറ്റ്: റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എംഎസ് സി ഇൻ സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ സെപ്റ്റംബർ 15ന് കുസാറ്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നടക്കും. രജിസ്ട്രേഷൻ സമയം രാവിലെ 10 മണി മുതൽ 11 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: :04842862471, 9188528322.

### സ്പോട്ട് അഡ്മിഷൻ

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

### സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്

എംബിഎ/ എംബിഎ (ഈവനിംഗ്) ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 15ന് കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മന്റ് സ്റ്റഡീസിൽ നടക്കും. രജിസ്ട്രേഷൻ സമയം രാവിലെ 10 മണി. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9495995096, 9400177065

### സ്കൂൾ ഓഫ് എൻജിനീയറിങ്

ബി.ടെക്ക് പ്രോഗ്രാമുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ സ്പെറ്റംബർ 15ന് സ്കൂൾ ഓഫ് എൻജിനീയറിങ്ങിൽ നടക്കും. രജിസ്ട്രേഷൻ സമയം രാവിലെ 9മണി മുതൽ 10 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862031, 8281993982.

### അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസിൽ റ്റെന്യുവർ ട്രാക്ക് അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. എസ് സി/ എസ് ടി വിഭാഗത്തിൽ 1 ഒഴിവും പി എച്ച് സി വിഭാഗത്തിൽ 1 ഒഴിവും, ഇ ടി ബി വിഭാഗത്തിൽ 1 ഒഴിവുമാണുള്ളത്. ജൂറിസ്പ്രൂഡൻസ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 1 ഒഴിവും കോമേഴ്സ്/ഇക്കണോമിക്സ്/പൊളിറ്റിക്കൽ സയൻസിൽ 1 ഒഴിവും, അസിസ്റ്റന്റ് പ്രൊഫെസ്സർ ഐപിആർ തസ്തികയിൽ 2 ഒഴിവുമാണുള്ളത്. അപേക്ഷയുടെ തുക ഡിഡി ആയിട്ട് ഡയറക്ടർ, ഐയുസിഐപിആർഎസ് എന്ന വിലാസത്തിൽ അടയ്ക്കേണ്ടതാണ്. അപേക്ഷാ ഫോം www.cusat.ac.in/news എന്ന വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷാ ഫോം ഡിഡി സഹിതം ഡയറക്ടർ, ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഐപിആർ സ്റ്റഡീസ് കുസാറ്റ് കൊച്ചി 22 എന്ന വിലാസത്തിൽ സെപ്റ്റംബർ 23ന് മുൻപായി ലഭിക്കത്തക്കവിധം അയക്കുക.




**മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ സെമിനാറും രജിസ്ട്രാർ ഡോ. മോത്തി ജോർജജ് ഉദ്ഘാടനം ചെയ്യുന്നു. നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോഓർഡിനേറ്റർ ഡോ . കെ. എൽ. പദ്മദാസ്, വിദ്യാർത്ഥി സേവന വിഭാഗം ഡയറക്ടർ ഡോ. ശർമിള ആർ., ജീവധാര ഫൗണ്ടേഷൻ ചെയർമാൻ സാജു ചാക്കോ, പ്രോഗ്രാം ഓഫീസർ ഡോ. ജെൻസി എം. എന്നിവർ സമീപം.**

## സംസ്കൃത സർവ്വകലാശാലയിൽ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം (എൻ എസ് എസ്) യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു. ആരോഗ്യ ജാഗ്രത വളർത്തി രോഗരഹിതമായ സമൂഹത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ അങ്കമാലി ജീവധാര ഫൗണ്ടേഷനും ജീവധാരയുടെ മെഡിക്കൽ പങ്കാളിയായ ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും സംയുക്തമായി സർവ്വകലാശാലയിലെ അധ്യാപക, അനധ്യാപക, വിദ്യാർത്ഥികൾക്കായി കാലടി മുഖ്യ ക്യാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ സെമിനാറും രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോഓർഡിനേറ്റർ ഡോ . കെ. എൽ. പദ്മദാസ് അധ്യക്ഷനായിരുന്നു. വിദ്യാർത്ഥി സേവന വിഭാഗം ഡയറക്ടർ ഡോ. ശർമിള ആർ. മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ജീവധാര ഫൗണ്ടേഷൻ ചെയർമാൻ സാജു ചാക്കോ, ഡോ. അമൃത, പ്രോഗ്രാം ഓഫീസർമാരായ ഡോ. ജെൻസി എം, ഡോ. സുജയ് കുമാർ സി.കെ. എന്നിവർ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# മെട്രോ സ്റ്റേഷനുകളിൽ സ്മാർട്ട് പാർക്കിംഗ് സംവിധാനം ഒക്ടോബറിൽ

**കൊച്ചി:** കൊച്ചി മെട്രോ സ്റ്റേഷനുകളോടു ചേർന്നുള്ള എല്ലാ പാർക്കിംഗ് ഇടങ്ങളെയും ഏകീകൃത സംവിധാനത്തിൽ കൊണ്ടുവന്നു പാർക്കിംഗ് സംവിധാനം സ്മാർട്ടാക്കുന്ന പദ്ധതി ഒക്ടോബറിൽ യാഥാർഥ്യമാക്കാനൊരുങ്ങി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ). ഡിജിറ്റൽ സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കുറഞ്ഞ നിരക്കിൽ സേവനം ലഭ്യമാക്കുന്നതാണ് പദ്ധതി. ടെൻഡർ നടപടികൾ പൂർത്തിയായതായി കെഎംആർഎൽ അറിയിച്ചു.

മെട്രോയുടെ ഓരോ പാർക്കിംഗ് സ്ഥലങ്ങളിലും വ്യത്യസ്ത കരാറുകാരായിരുന്നു പാർക്കിംഗ് ഫീസ് വാങ്ങിയിരുന്നത്. പുതിയ സംവിധാനത്തിലേക്ക് മാറുന്നതോടെ ഇത് ഒറ്റ കരാറിൻറെ കീഴിൽ വരും. തോന്നും പടി ഫീസ് ഇടാക്കിയിരുന്ന രീതിയിലും മാറ്റം വരും. മാത്രമല്ല ഓരോ പാർക്കിംഗ് സ്ഥലങ്ങളിലും ഡിജിറ്റൽ ബോർഡുകൾ സ്ഥാപിച്ച് ഒഴിവുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യും.

കാറുകൾക്കും മുച്ചക്രവാഹനങ്ങൾക്കും ആദ്യ രണ്ടു മണിക്കൂറിന് 15 രൂപയും ഇരുചക്ര വാഹനങ്ങൾക്ക് അഞ്ചുരൂപയുമാണ് പുതിയ സംവിധാനത്തിൽ ഫീസ്. നാലു ചക്ര വാഹനങ്ങൾക്ക് ഓരോ അധിക മണിക്കൂറിനും അഞ്ചു രൂപയും ഇരുചക്ര വാഹനങ്ങൾക്ക് ഓരോ അധിക രണ്ട് മണിക്കൂറിന് അഞ്ചു രൂപയും അധികമായി നൽകേണ്ടിവരും.

നിലവിൽ, കാറുകൾക്ക് ആദ്യ രണ്ടു മണിക്കൂറിന് 35 രൂപയും ഇരുചക്ര വാഹനങ്ങൾക്ക് 20 രൂപയുമാണ് വാങ്ങിയിരുന്നത്. ഓരോ അധിക മണിക്കൂറിനും കാറുകൾക്ക് 20 രൂപയും ബൈക്കുകൾക്ക് 10 രൂപയും അധികമായി ഈടാക്കുന്നുണ്ട്. പുതിയ സംവിധാനം നിലവിൽ വരുന്നതോടെ നിരക്ക് കുറയുകയും പാർക്കിംഗ് ശാസ്ത്രീയമാകുകയും ചെയ്യും. അതോടൊപ്പം സ്ഥിരം യാത്രക്കാർക്ക് പ്രതിമാസ പാസ് സൗകര്യവും ഉണ്ടാകും. പുലർച്ചെ മെട്രോ സർവീസ് ആരംഭിക്കുന്നതിന് അര മണിക്കൂർ മുന്പും അവസാന ട്രെയിൻ യാത്ര അവസാനിപ്പിച്ച് ഒരു മണിക്കൂർ പൂർത്തിയാകുന്നതു വരെയുമാണ് പാർക്കിംഗ് സൗകര്യം. അതുകഴിഞ്ഞ് വാഹനങ്ങൾക്ക് പ്രവേശനം ഉണ്ടാകില്ല.

ആലുവ, അമ്പാട്ടുകാവ്, കുസാറ്റ്, ഇടപ്പള്ളി, ചങ്ങമ്പുഴ പാർക്ക്, പാലാരിവട്ടം, കലൂർ, ഇളംകുളം, തൈക്കൂടം, പേട്ട, വടക്കേക്കോട്ട, തൃപ്പൂണിത്തുറ എന്നിവിടങ്ങളിലാണ് ആദ്യഘട്ടത്തിൽ സ്മാർട്ട് പാർക്കിംഗ് സൗകര്യം വരുന്നത്. മറ്റ് സ്റ്റേഷനുകളിൽ ഘട്ടഘട്ടമായി പാർക്കിംഗ് സൗകര്യം ഒരുക്കുമെന്നും കെഎംആർഎൽ വ്യക്തമാക്കി.

# സംസ്ഥാനത്തിനാവശ്യം കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള നഗരവികസനമെന്ന് വിദഗ്ധർ

**കൊച്ചി:** കാലാവസ്ഥാ മാറ്റത്തിന്റെ വെല്ലുവിളികളെ നേരിടാൻ ശേഷിയുള്ള നഗരവികസനം കേരളത്തിന്റെ പ്രധാന മുൻഗണനയാക്കണമെന്ന് കേരള അർബൻ കോൺക്ലേവിൽ അഭിപ്രായമുയർന്നു. കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിച്ച ഹൈലെവൽ പൊളിറ്റിക്കൽ ഫോറത്തിലും കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള നഗരവൽക്കരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച നയരൂപീകരണ സെഷനിലെ ചർച്ചയിലും സമാനമായ അഭിപ്രായമാണ് വിദഗ്ധർ മുന്നോട്ടുവെച്ചത്. വിദേശ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള മന്ത്രിമാരും ജനപ്രതിനിധികളും പങ്കെടുത്ത ഹൈലെവൽ പൊളിറ്റിക്കൽ ഫോറത്തിൽ നഗരവികസനവുമായി ബന്ധപ്പെട്ട വൈജ്ഞാനിക കൈമാറ്റത്തിന്റെ പ്രാധാന്യവും ചർച്ചയായി.

കാലാവസ്ഥാ മാറ്റങ്ങളെ പ്രതിരോധിക്കുന്നതും ജനകേന്ദ്രീകൃതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ നരഗവികസന നയമാണ് ആവശ്യമെന്ന് ശ്രീലങ്കൻ നഗരവികസന മന്ത്രി അനുര കരുണതിലക അഭിപ്രായപ്പെട്ടു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ, കാലാവസ്ഥാ പ്രതിരോധം, സാമ്പത്തിക സുസ്ഥിരത തുടങ്ങിയ വിഷയങ്ങളെ പരിഗണിച്ചുകൊണ്ടാകണം നഗരവികസനം സാധ്യമാക്കേണ്ടത്. കേരളത്തിലെയും ശ്രീലങ്കയിലെയും നഗരവികസനം സമാന സാഹചര്യത്തിലുള്ളതും സമാനമായ വെല്ലുവിളികൾ നേരിടുന്നതുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നഗരവികസനവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ പരിഹരിക്കുന്നതിലും വൈജ്ഞാനിക കൈമാറ്റത്തിനുമുള്ള സഹകരണത്തിന് അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. ജമ്മുകശ്മീരിൽ നിന്നുള്ള എംഎൽഎ തൻവീർ സാദിഖും നഗരവികസനവുമായി ബന്ധപ്പെട്ട് കേരളവുമായുള്ള വൈജ്ഞാനിക കൈമാറ്റത്തിന് സന്നദ്ധത അറിയിച്ചു. നഗരവികസനത്തിൽ ദുരന്തപ്രതിരോധശേഷി ഉറപ്പാക്കേണ്ടതിന്റെ പ്രധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി. ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള അടിസ്ഥാന സൗകര്യ എക്സിക്യൂട്ടീവ് കൗൺസിൽ അംഗം മാർട്ടിൻ മെയർ, മന്ത്രിമാരായ കെ.എൻ.നെഹ്റു (തമിഴ്നാട്), വിക്രമാദിത്യ സിങ് (ഹിമാചൽ പ്രദേശ്), മുൻ രാജ്യസഭാംഗം രാജീവ് ഗൗഡ തുടങ്ങിയവരും പൊളിറ്റിക്കൽ ഫോറത്തിൽ പങ്കെടുത്തു.

കോൺക്ലേവിന്റെ ഭാഗമായി "കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള നഗരവൽക്കരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച നയരൂപീകരണ സെഷനിലെ ചർച്ചയിലും കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നു. കേരള നഗരനയ കമ്മീഷൻ ലീഡ് മെമ്പർ ഡോ. വൈ.വി.എൻ. കൃഷ്ണമൂർത്തി നേതൃത്വം നൽകിയ ചർച്ചയിൽ റവന്യൂ, ദുരന്തനിവാരണ വകുപ്പ് സെക്രട്ടറി എം.ജി. രാജമാണിക്യം ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും താമസിക്കാൻ യോഗ്യമായ സ്ഥലങ്ങൾ 15 –16% മാത്രമാണെന്നുള്ള വസ്തുതയും കണക്കിലെടുത്ത്, കാലാവസ്ഥാ പ്രതിരോധശേഷിയുള്ള നഗരാസൂത്രണത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. ഇതിനായി പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ, പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ധനസഹായം എന്നിവ ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തദ്ദേശസ്വയംഭരണവകുപ്പ് അർബൻ ഡയറക്ടർ സൂരജ് ഷാജി ഐ.എ.എസ്, പ്രകൃതി സംരക്ഷണവും നഗരവികസനവും തമ്മിലുള്ള വെല്ലുവിളികൾ വിശദീകരിച്ചു. നഗരവികസനനയത്തിന് പുതിയ ദിശാബോധം നൽകുന്നതായിരുന്നു കോൺക്ലേവിലെ മറ്റു സെഷനുകൾ. സുസ്ഥിര അടിസ്ഥാനസൗകര്യം എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ബ്ലൂഗ്രീൻ നെറ്റ്വർക്കുകളും ഡാറ്റാ അധിഷ്ഠിത നഗരാസൂത്രണവും പ്രധാന പരിഹാരങ്ങളാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു.

## ലീലാമേനോൻ മാധ്യമ പുരസ്കാരത്തിന് സൃഷ്ടികൾ ക്ഷണിക്കുന്നു

**കൊച്ചി:** പത്രപ്രവർത്തക ലീലാമേനോന്റെ സ്മരണയ്ക്കായി അന്താരാഷ്ട്ര പുസ്തകോത്സവ സമിതി ഏർപ്പെടുത്തിയിട്ടുള്ള മാധ്യമ പുരസ്കാരത്തിന് സൃഷ്ടികൾ ക്ഷണിക്കുന്നു. 2024 സെപ്റ്റംബർ 15 മുതൽ 2025 സെപ്റ്റംബർ 15 വരെയുള്ള, പത്രദൃശ്യ മാധ്യമങ്ങളിലെ സാമൂഹ്യ പ്രതിബദ്ധതയുള്ള സൃഷ്ടികൾക്കാണ് പുരസ്കാരം. മികച്ച ചാനൽ റിപ്പോർട്ടർ, ക്യാമറാമാൻ, പത്രറിപ്പോർട്ടർ, ഫോട്ടോഗ്രാഫർ, ഓൺലൈൻ ചാനൽ അവതാരകൻ എന്നിവരെയാണ് തിരഞ്ഞെടുക്കുക. സൃഷ്ടികൾ സെപ്റ്റംബർ 30ന് മുമ്പായി bookfestkochi@gmail.com എന്ന മെയിലിൽ അയക്കുക. സമഗ്ര സംഭാവനയ്ക്കുള്ള മാധ്യമ പുരസ്കാരത്തോടൊപ്പം അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വച്ച് പുരസ്കാരം സമ്മാനിക്കും. നവംബർ ഒന്നു മുതൽ പത്തുവരെ എറണാകുളത്തപ്പൻ ഗ്രൗണ്ടിലാണ് അന്താരാഷ്ട്ര പുസ്തകോത്സവം.

## മികച്ച പച്ചത്തുരുത്തുകൾക്ക് പുരസ്കാരം: പ്രഖ്യാപനം ഇന്ന്

**തിരുവനന്തപുരം:** ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തു സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ മികച്ചവയെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് തിരുവനന്തപുരത്ത് പൂർത്തിയായി. പുരസ്കാര പ്രഖ്യാപനം തിങ്കളാഴ്ച തിരുവനന്തപുരത്തു നടത്തുമെന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ.സീമ അറിയിച്ചു. പുരസ്കാര വിതരണം സെപ്റ്റംബർ 16 വൈകന്നേരം 6 ന് തിരുവനന്തപുരത്ത് വഴുതക്കാടുള്ള ടാഗോർ തിയേറ്ററിൽ നടക്കും. ചടങ്ങ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ കെ. എൻ. ബാലഗോപാൽ, വി. ശിവൻകുട്ടി, ജി. ആർ.അനിൽ, ജന പ്രതിനിധികൾ, വകുപ്പ് മേധാവികൾ, പരിസ്ഥിതി ശാസ്ത്രജ്ഞർ തുടങ്ങിയവർ പങ്കെടുക്കും. പുരസ്കാര ജേതാക്കളുടെ അവതരണം ചൊവ്വാഴ്ച രാവിലെ 10 മുതൽ ടാഗോർ തീയേറ്ററിൽ നടക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, മറ്റ് സ്ഥാപനങ്ങൾ, ദേവഹരിതം പച്ചത്തുരുത്ത്, മുളംതുരുത്ത്, കണ്ടൽ പച്ചത്തുരുത്ത്, കാവുകൾ എന്നീ വിഭാഗങ്ങളിലായി 145 പച്ചത്തുരുത്തുകളാണ് സ്ക്രീനിംഗിൽ പങ്കെടുത്തത്. ഓരോ വിഭാഗങ്ങളിലും മികച്ച പച്ചത്തുരുത്തുകൾ പ്രഖ്യാപിക്കും. പങ്കെടുത്ത എല്ലാവർക്കും ഉപഹാരവും സർട്ടിഫിക്കറ്റും നൽകും. പുരസ്കാര ദാന ചടങ്ങിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഒരു കോടി തൈകൾ നട്ടുപിടിപ്പിക്കുന്ന 'ഒരു തൈ നടാം' വൃക്ഷവത്കരണ പരിപാടിയിൽ 60 ലക്ഷം പൂർത്തിയായതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ. എം. എബ്രഹാം നിർവ്വഹിക്കും. മികച്ച പച്ചത്തുരുത്തുകൾ, വേങ്ങോട് ആദ്യ പച്ചത്തുരുത്ത്, ടൈറ്റാനിയം പച്ചത്തുരുത്ത്, കണ്ടൽ പച്ചത്തുരുത്ത്, മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ പച്ചത്തുരുത്ത്, കേളകം ഗ്രാമപഞ്ചായത്തിലെ പൂമ്പാറ്റകൾ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കിയ പുസ്തകങ്ങളുടെ പ്രകാശനവും ചടങ്ങിൽ നടക്കും.

## കിലയും യുഎൻ യൂണിവേഴ്സിറ്റിയും ഗവേഷണപഠന സഹകരണം ആരംഭിക്കുന്നു

**കൊച്ചി:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും ബ്രസൽസിലുള്ള ഐക്യ രാഷ്ട്രസഭ സർവകലാശാലയുടെ ഗവേഷണ സ്ഥാപനമായ യുഎൻ യൂണിവേഴ്സിറ്റിയും തമ്മിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനായി താൽപര്യപത്രത്തിൽ ഒപ്പുവച്ചു. പ്രാദേശിക ഭരണകൂടങ്ങളുടെ ശേഷി വർധിപ്പിക്കൽ, ഗവേഷണം, നയ പിന്തുണ, അനുഭവപരിചയാധിഷ്ഠിത പഠനം എന്നിവയിൽ സഹകരണം വികസിപ്പിക്കുകയാണ് ലക്ഷ്യം. താൽപര്യപത്രം അനുസരിച്ച് സംയുക്ത ഗവേഷണ പ്രവർത്തനങ്ങൾ, സംയുക്ത നയരൂപീകരണ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, ശേഷി വർധന പ്രവർത്തനങ്ങൾ, സ്റ്റുഡന്റ് എക്സ്ചേഞ്ച്, സംയുക്ത പ്രസിദ്ധീകരണങ്ങൾ, വിവരപ്രസിദ്ധീകരണ കൈമാറ്റം എന്നിവയിൽ സഹകരണം നടപ്പാക്കും.

കേരളത്തിന്റെ നഗരവികസനം, വികേന്ദ്രീകൃത ഭരണകൂടം, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം തുടങ്ങിയ മേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന ഗവേഷണങ്ങൾ ഇതിലൂടെ സാധ്യമാകും. ഉദ്യോഗസ്ഥർക്ക് ലോകോത്തര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കാനും, നൂതന നയങ്ങൾ രൂപപ്പെടുത്താനും ഈ സഹകരണം വഴിയൊരുക്കും. കേരളത്തിലെ ഗ്രാമനഗര ഭരണകൂടങ്ങളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിനും ആഗോളതലത്തിലുള്ള അറിവുകൾ പങ്കുവെയ്ക്കുന്നതിനും ഈ താൽപര്യപത്രം നിർണായകമാകും. ഐക്യരാഷ്ട്രസഭയുമായുള്ള സഹകരണം യാഥാർഥ്യമാകുന്നതോടെ കിലയിലൂടെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾക്ക് കളമൊരുങ്ങും.

ഫിലിപ്പി ഡി ലോംബേർഡും, കില ഡയറക്ടർ ജനറൽ എ. നിസാമുദീൻ ഐഎഎസുമാണ് താൽപര്യപത്രത്തിൽ ഒപ്പുവച്ചത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എച്ച്എംഡി വൈബ് 5ജി പുറത്തിറക്കി

## ഫീച്ചർ ഫോൺ നിരയിലേക്ക് എച്ച്എംഡി 101, എച്ച്എംഡി 102 4ജി മോഡലുകളും

**കൊച്ചി:** പ്രമുഖ മൊബൈൽ ഡിവൈസ് നിർമാതാക്കളായ ഹ്യൂമൻ മൊബൈൽ ഡിവൈസസ് (എച്ച്എംഡി)പുതിയ മൂന്ന് ഉൽപ്പന്നങ്ങൾ കൂടി ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. പ്രത്യേക വിലയിൽ എച്ച്എംഡി വൈബ് 5ജി, ഫീച്ചർ ഫോൺ നിരയിൽ എച്ച്എംഡി 101 4ജി, എച്ച്എംഡി 102 4ജി മോഡലുകളാണ് കമ്പനി പുറത്തിറക്കിയത്. മൂന്ന് മോഡലുകളും 2025 സെപ്തംബർ 11 മുതൽ പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ, പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ, HMD.com എന്നിവ വഴി ഇന്ത്യയിൽ ലഭ്യമായി തുടങ്ങി.

6.67 ഇഞ്ച് എച്ച്ഡി പ്ലസ് എച്ച്ഐഡി എൽസിഡി ഡിസ്പ്ലേയാണ് എച്ച്എംഡി വൈബ് 5ജിക്ക്. 90 ഹേർട്സാണ് റിഫ്രഷ് റേറ്റ്. പിൻഭാഗത്ത് 50എംപി+2എംപി ക്യാമറയും മുൻഭാഗത്ത് 8 മെഗാപിക്സൽ ക്യാമറയുമുണ്ട്. 5000 എംഎഎച്ചാണ് ബാറ്ററി, 18 വാട്ട് ഫാസ്റ്റ് ചാർജിങ് പിന്തുണയ്ക്കുന്ന ചാർജർ ബോക്സിനൊപ്പം ലഭിക്കും. യൂണിസോക് ടി760, 6എൻഎം, 2.2ജിഎച്ച്ഇസഡ് ഒക്റ്റാ കോർ ആണ് ഫോണിന്റെ പ്രവർത്തന കരുത്ത്. ആൻഡ്രോയിഡ് 15 ആണ് ഓപ്പറേറ്റിങ് സിസ്റ്റം, രണ്ട് വർഷത്തേക്ക് ത്രൈമാസ സുരക്ഷാ അപ്ഡേറ്റുകൾ ലഭിക്കും. 4ജിബി റാം, 4ജിബി വെർചൽ റാം, 128 ജിബി റോം എന്നിങ്ങനെയാണ് മെമ്മറി ശേഷി. ഒരു വർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരണ്ടി, നോട്ടിഫിക്കേഷൻ ലൈറ്റ്, ബോക്സിനൊപ്പം ജെല്ലി കവർ എന്നിവയും സവിശേഷതകളാണ്. 8,999 രൂപ പ്രത്യേക ഓഫർ വിലയിൽ എച്ച്എംഡി വൈബ് 5ജി ലഭ്യമാകും.







2 ഇഞ്ച് ക്യൂക്യുവിജിഎ ഡിസ്പ്ലേയോടെയാണ് എച്ച്എംഡി 101 4ജി, എച്ച്എംഡി 102 4ജി മോഡലുകൾ വരുന്നത്. യുഎസ്ബി ടൈപ്പ്സി, ബ്ലൂടൂത്ത്, ഡ്യുവൽ സിം, 4ജി കണക്റ്റിവിറ്റികളെ പിന്തുണയ്ക്കും. 1000 എംഎഎച്ചാണ് ബാറ്ററി. 32ജിബി വരെ എക്സ്റ്റേണൽ മെമ്മറി സപ്പോർട്ട് ചെയ്യും. ഒരു വർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരണ്ടിയുണ്ട്. എഫ്എം റേഡിയോ (വയർഡ്/വയർലെസ്), എംപി3 പ്ലെയർ, ക്ലൗഡ് ആപ്പുകൾ, പ്രാദേശിക ഭാഷാ പിന്തുണ, വലിയ ബട്ടണുകൾ, ടോർച്ച്, ലാനിയാർഡ് ഹോൾ എന്നീ ഫീച്ചറുകളുമുണ്ട്. ഫ്ലാഷോടുകൂടിയ ക്യൂവിജിഎ ക്യാമറയും സ്റ്റൈലിഷ് ഡിസൈൻ കീപാഡും എച്ച്എംഡി 102 4ജിയുടെ പ്രത്യേകതയാണ്. 1,899 രൂപ പ്രാരംഭ വിലയുള്ള എച്ച്എംഡി 101 4ജി മോഡൽ ഡാർക്ക് ബ്ലൂ, റെഡ്, ബ്ലൂ എന്നീ നിറങ്ങളിലും, 2,199 രൂപ പ്രാരംഭ വില വരുന്ന എച്ച്എംഡി 102 4ജി മോഡൽ ഡാർക്ക് ബ്ലൂ, റെഡ്, പർപ്പിൾ എന്നീ നിറഭേദങ്ങളിലും ലഭിക്കും.

# സ്വിഷ് ക്ലബ്ബുമായി കൈകോർത്ത് സാഗിൽ

**കൊച്ചി:** ഇന്ത്യയിലെ അതിവേഗം വളരുന്ന സ്റ്റാർട്ടപ്പായ സ്വിഷ് ക്ലബ്ബുമായി കൈകോർത്ത് സാഗിൽ പ്രീപെയ്ഡ് ഓഷ്യൻ സർവീസസ് ലിമിറ്റഡ്. സ്മാർട്ട് എംപ്ലോയീ പർച്ചേയ്സ് പ്രോഗ്രാമിന്റെ ഭാഗമായാണ് രണ്ടു കമ്പനികളും ഒരുമിക്കുന്നത്. ഏറ്റവും ആധുനിക സംവിധാനം ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ തൊഴിലാളികളെ കാര്യ ക്ഷമമായി വിനിയോഗിക്കാൻ സ്വിഷ് ക്ലബ്ബിന്റെ ഡാസ് മോഡലുമായി കൈകോർക്കുന്നതിലൂടെ സാഗിലിനു കഴിയും. ജീവനക്കാർക്ക് കൂടുതൽ മൂല്യവത്തായ സേവനം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് സാഗിൽ സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ ഡോ. രാജ് പി നാരായണൻ പറഞ്ഞു. നേരത്തേ ഗൂഗിളുമായും റെഡിംഗ്ടണുമായും സഹകരിച്ച് സാഗിൽ മൊബൈൽ ആപ്പിലൂടെ മനുഷ്യ വിഭവ ശേഷി കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് 100 ശതമാനം ഡിജിറ്റൽ സൗകര്യം ലഭ്യമാക്കിയിരുന്നു. ഗൂഗിളും റെഡിംഗ്ടണുമായുള്ള സഹകരണം ഈ വഴിയിൽ ഏറെ മുന്നേറാൻ സഹായിച്ചെന്നും സ്വിഷ് ക്ലബ്ബുമായിച്ചേർന്ന് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുമെന്നും ഡോ. രാജ് പി നാരായണൻ പറഞ്ഞു.




# കെഎംഎയ്ക്ക് വീണ്ടും പുരസ്ക്കാരം

**കൊച്ചി:** ആൾ ഇന്ത്യ മാനേജ്മെന്റ് അസോസിയേഷൻ (എഐഎംഎ) മികച്ച ലോക്കൽ മാനേജ്മെന്റ് അസോസിയേഷൻ പുരസ്ക്കാരം വീണ്ടും കേരള മാനേജ്മെന്റ് അസോസിയേഷന് (കെ എം എ). എല്ലാ വിഭാഗങ്ങളിലും പ്രവർത്തന മേഖലകളിലും ലഭിച്ച ഈ അംഗീകാരം, രാജ്യത്തുടനീളമുള്ള 68 ലോക്കൽ മാനേജ്മെന്റ് അസോസിയേഷനുകളിൽ ഏറ്റവും ഉയർന്ന സ്ഥാനത്ത് കെഎംഎയെ എത്തിച്ചു.

ന്യൂഡൽഹിയിലെ താജ് പാലസിൽ നടന്ന നാഷണൽ മാനേജ്മെന്റ് കൺവെൻഷനിൽ കെ എം എ ഭാരവാഹികൾ പുരസ്ക്കാരം സ്വീകരിച്ചു. രാജ്യത്തെ വ്യവസായ പ്രമുഖർ, നയനിർമ്മാതാക്കൾ തുടങ്ങി നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ ചടങ്ങിൽ പങ്കെടുത്തു.

പാർലമെന്റ് അംഗവും മുൻ വിദേശകാര്യ സെക്രട്ടറിയുമായ ഹർഷ് വർധൻ ശ്രിംഗ്ല പുരസ്ക്കാരം സമ്മാനിച്ചു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ ഹരികുമാർ, മുൻ പ്രസിഡണ്ട് ബിജു പുന്നൂരാൻ, വൈസ് പ്രസിഡണ്ട് ദിലീപ് നാരായണൻ എന്നിവർ പുരസ്ക്കാരം ഏറ്റുവാങ്ങി. ചടങ്ങിൽ ജെ എം ഫിനാൻഷ്യൽ ലിമിറ്റഡ് വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിശാൽ കംപാണി, ടാറ്റ സ്റ്റീൽ ലിമിറ്റഡ് സി ഇ ഒയും മാനേജിംഗ് ഡയറക്ടറുമായ ടി വി നരേന്ദ്രൻ, എഐഎംഎ പ്രസിഡന്റും അപ്പോളോ ഹോസ്പിറ്റൽ എന്റർപ്രൈസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുമായ സുനീത റെഡ്ഡി, എഐഎംഎ ഡയറക്ടർ ജനറൽ രേഖാ സെത്തി എന്നിവർ പങ്കെടുത്തു.




# ജപ്പാൻ മേളയുടെ മൂന്നാം പതിപ്പ് കൊച്ചിയിൽ

**കൊച്ചി:** ജപ്പാനും കേരളവും തമ്മിലുള്ള സാമ്പത്തിക, സാംസ്കാരിക ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഇൻഡോജപ്പാൻ ചേംബർ ഓഫ് കോമേഴ്സ് സംഘടിപ്പിക്കുന്ന ജപ്പാൻ മേളയുടെ മൂന്നാം പതിപ്പ് കൊച്ചി റമദ റിസോർട്ടിൽ ഒക്ടോബർ 16 മുതൽ 18 വരെ നടക്കും. ജപ്പാനിലെയും കേരളത്തിലെയും വ്യവസായ സംരംഭകർ, സ്ഥാപനങ്ങൾ, സാംസ്കാരിക മേഖലയിലെ പ്രമുഖർ തുടങ്ങിയവർ മേളയിൽ പങ്കെടുക്കുമെന്ന് ഇൻജാക് പ്രസിഡന്റും സിന്തൈറ്റ് ഇൻഡസ്ട്രീസ് എക്സിക്യൂട്ടീവ് ചെയർമാനുമായ ഡോ.വിജു ജേക്കബ്, ഇൻജാക് വൈസ് പ്രസിഡന്റും ജപ്പാൻ മേള ജനറൽ കൺവീനറുമായ ഡോ.കെ. ഇളംങ്കോവാൻ എന്നിവർ പറഞ്ഞു. 2013ൽ സ്ഥാപിതമായതു മുതൽ ഇൻജാക് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് ഡോ.വിജു ജേക്കബ് പറഞ്ഞു. സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, സംസ്കാരം എന്നിവയിൽ ജപ്പാനുള്ള മികവ് പ്രദർശിപ്പിക്കാനും നിക്ഷേപ സാധ്യതകൾ തുറക്കാനും ജപ്പാൻ മേള അവസരമൊരുക്കുമെന്നും ഡോ.കെ. ഇളംങ്കോവാൻ അഭിപ്രായപ്പെട്ടു. മേളയുടെ ഭാഗമായി വിദഗ്ദ്ധർ നയിക്കുന്ന സെമിനാറുകളും പാനൽ ചർച്ചകളും നടക്കും. സാങ്കേതികവിദ്യ, മാനേജ്മെന്റ്, ബിസിനസ്സ് രീതികൾ എന്നിവയിലെ ഏറ്റവും പുതിയ മാറ്റങ്ങൾ ചർച്ചാ വിഷയമാകും. തുടർന്ന് ചോദ്യോത്തര വേളയും ഉണ്ടാകും.

ചെന്നൈ കോൺസൽ യുസാവ നാവോകോ, മാത്സു സിറ്റിയിലെ ഇൻഡസ്ട്രി ആൻഡ് ഇക്കണോമി ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് ജനറൽ മാനേജർ കോഹ്ദ തോഷിയ, ദി സാൻഇൻ ഇന്ത്യ അസോസിയേഷൻ സെക്രട്ടറി ജനറൽ ഓർക്കനാമി ഹിറോഷി, എ.എസ്.എ. പ്രസിഡന്റ് പൗലോസ് കെ. വർക്കി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# യുനെസ്കോ ഡിജിറ്റൽ ലേണിംഗ് വേദിയിൽ തിളങ്ങി കേരള സ്റ്റാർട്ടപ്പ് എഡ്യൂപോർട്ട്

**കൊച്ചി:** പാരീസിലെ യുനെസ്കോ ആസ്ഥാനത്ത് നടന്ന ഡിജിറ്റൽ ലേണിംഗ് വീക്ക് 2025ൽ മികച്ച പ്രകടനം കാഴ്ചവെച്ച് കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പായ എഡ്യൂപോർട്ട്. വിദ്യാഭ്യാസ മേഖലയിൽ നിർമ്മിത ബുദ്ധി (എഐ) വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ആഗോള ചർച്ചയ്ക്കായി നയരൂപകർത്താക്കൾ, വിദ്യാഭ്യാസ വിദഗ്ധർ, ഗവേഷകർ, സംരംഭകർ എന്നിവർ ഒത്തുചേർന്ന ഉച്ചകോടി എ.ഐയും വിദ്യാഭ്യാസത്തിന്റെ ഭാവിയും എന്ന തീമിലാണ് ഡിജിറ്റൽ ലേണിംഗ് വീക്ക് സംഘടിപ്പിച്ചത്.

വ്യക്തിഗത വിദ്യാഭ്യാസ രംഗത്ത് എഐ സഹായത്തോടെ മുന്നേറ്റമുണ്ടാക്കിയ എഡ്യൂപോർട്ടിനെ പ്രതിനിധീകരിച്ച് സ്ഥാപകൻ അജാസ് മുഹമ്മദ് ഉച്ചകോടിയിൽ പങ്കെടുത്തു. ഇന്ത്യയിലെ ആദ്യ അഡാപ്റ്റീവ് ലേണിംഗ് പ്ലാറ്റ്ഫോമായ അഡാപ്റ്റ് എഐയാണ് എഡ്യൂപോർട്ടിന്റെ ഫ്ളാഗ്ഷിപ്പ് ഉത്പന്നം.

ഓരോ നൂറ്റാണ്ടിലും വിദ്യാഭ്യാസത്തിൽ കാര്യമായ മാറ്റങ്ങളുണ്ടായിട്ടില്ലെന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അജാസ് മുഹമ്മദ് പറഞ്ഞു. എല്ലാ വിദ്യാർഥികൾക്കും അരിസ്റ്റോട്ടിൽ കിട്ടാനാകില്ലെങ്കിലും സാങ്കേതികവിദ്യയും എ.ഐയും ഉപയോഗിച്ച് ആ കുറവ് ഒരുപരിധി വരെ നികത്താനാകുമെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ എ.ഐയുടെ സാധ്യതകളും വെല്ലുവിളികളും ചർച്ചയായ ഉച്ചകോടിയിൽ, അധ്യാപന രീതികളും പാഠ്യപദ്ധതികളും മെച്ചപ്പെടുത്തുന്നതിൽ എ.ഐ വഹിക്കുന്ന പങ്ക് ചൂണ്ടിക്കാണിക്കപ്പെട്ടു.

# ആർസിഎം പാൻ ഇന്ത്യൻ രൂപാന്തരൺ യാത്ര നടത്തുന്നു

**കൊച്ചി:** രാജ്യത്തെ പ്രമുഖ ഡയറക്റ്റ് സെല്ലിങ് കമ്പനിയായ ആർസിഎം രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രാജ്യവ്യാപകമായി 100 ദിവസം നീളുന്ന രൂപാന്തരൺ യാത്രയ്ക്ക് തുടക്കം കുറിച്ചു. 17,000 കിലോമീറ്റർ നീളുന്ന യാത്ര രാജ്യത്തെ ഗ്രാമങ്ങളിലൂടെയും നഗരങ്ങളിലൂടെയും കടന്നുപോകും. യാത്രയുടെ ഭാഗമായി ആരോഗ്യം, സേവനങ്ങൾ, മൂല്യങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നതിന് 25 മെഗാ ഇവന്റുകൾ നടത്തും. ജീവിതശൈലി രോഗങ്ങളായ പ്രമേഹം, ഹൈപ്പർടെൻഷൻ, തൈറോയിഡ് പ്രശ്നങ്ങൾ, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയവയെക്കുറിച്ച് അവബോധം വളർത്താനും ഈ രോഗങ്ങളെ തടയുന്നതിന് സഹായകരമായ ആരോഗ്യവർദ്ധക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും യാത്ര ലക്ഷ്യമിടുന്നു. രൂപാന്തരൺ യാത്ര വ്യത്യസ്ത സമൂഹങ്ങളെ സംരംഭകത്വത്തിലൂടെ സ്വയംപര്യാപ്തതയിലേക്കും സാമ്പത്തിക സുരക്ഷിതത്വത്തിലേക്കും നയിക്കാനുള്ള പ്രവർത്തനങ്ങളും നടത്തും. രൂപാന്തരൺ യാത്രയുടെ ഭാഗമായി ഭിൽവാര, സൂറത്ത്, കൊച്ചി, ഗുവാഹത്തി, പാട്ന, ഡൽഹി എന്നിവിടങ്ങളിൽ ആറ് പ്രത്യേക രജത ജൂബിലി ആഘോഷങ്ങൾ സംഘടിപ്പിക്കും.

# ജിഎസ്ടി ഇളവ് ദശലക്ഷക്കണക്കിന് ആളുകൾക്ക് ആരോഗ്യ ഇൻഷുറൻസ് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കും: രാകേഷ് ജെയിൻ



**കൊച്ചി:** ആരോഗ്യ ഇൻഷുറൻസ് പ്രീമിയത്തെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കുകയും ഇൻഷുറൻസ് കമ്പനികൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിക്കാൻ അനുവദിക്കുകയും ചെയ്ത ജിഎസ്ടി കൗൺസിലിന്റെ തീരുമാനം ഉപഭോക്താക്കൾക്ക് ഗുണകരമാകുന്നതിനൊപ്പം വ്യവസായ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്ന ഒരു സുപ്രധാന നടപടിയാണെന്ന് റിലയൻസ് ജനറൽ ഇൻഷുറൻസ് സിഇഒ രാകേഷ് ജെയിൻ പറഞ്ഞു. പലപ്പോഴും ഇൻഷുറൻസ് പ്രീമിയം ഒരു ഭാരമായി തോന്നുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾക്കും മുതിർന്ന പൗരന്മാർക്കും ചെറിയ ബിസിനസ്സുകൾക്കും ഈ പരിഷ്കാരത്തിലൂടെ ആരോഗ്യ ഇൻഷുറൻസ് കുറഞ്ഞ നിരക്കിൽ ലഭ്യമാകും.

പോളിസി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രീമിയം കുറയ്ക്കുന്നതിലൂടെ കൂടുതൽ പേർക്ക് നേരത്തേ ഇൻഷുറൻസ് കവറേജ് എടുക്കാൻ പ്രോത്സാഹനമാകും. ഇതുവഴി ഇൻഷുറൻസ് എടുത്ത എല്ലാവരുടെയും പ്രീമിയം ചേരുമ്പോഴുള്ള ആകെ തുക ശക്തിപ്പെടുകയും ഇൻഷുറൻസ് മേഖലയ്ക്ക് ദീർഘകാല പ്രതിരോധശേഷി ലഭിക്കുകയും ചെയ്യും. ഇൻഷുറൻസ് ഒരു സാമ്പത്തിക പദ്ധതി മാത്രമല്ല വർധിച്ചുവരുന്ന ആരോഗ്യ ചെലവുകളും അപ്രതീക്ഷിത അടിയന്തര സാഹചര്യങ്ങളും നേരിടാനുള്ള കുടുംബങ്ങളുടെ സംരക്ഷണം കൂടിയാണ്.

ഉപഭോക്താക്കൾക്കും ഇൻഷുറൻസ് കമ്പനികൾക്കും ഒരുപോലെ പ്രയോജനകരമായ സാഹചര്യം സൃഷ്ടിക്കുകയും ആരോഗ്യപരവും സാമ്പത്തികമായി സുരക്ഷിതവുമായ ഒരു ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിന് അർത്ഥവത്തായ സംഭാവന നൽകുകയും ചെയ്യുന്ന ഭാവിയിലേക്കുള്ള പരിഷ്കരണമായാണ് ഇതിനെ കാണുന്നതെന്നും രാകേഷ് ജെയിൻ പറഞ്ഞു.



# എച്ച്എൽഎൽ മാനസികാരോഗ്യ രംഗത്തേക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസുമായി ധാരണ

**കൊച്ചി:** ആഗോള ആരോഗ്യ രംഗത്തെ പ്രമുഖ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് മാനസികാരോഗ്യ രംഗത്തേക്ക് കടക്കുന്നു. ഇതിന്റെ ഭാഗമായി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസുമായി ധാരണയിലെത്തി. വജ്രജൂബിലി വർഷത്തിൽ എച്ച്എൽഎൽ നടപ്പാക്കുന്ന വിപുലീകരണ, വൈവിധ്യവൽക്കരണ പദ്ധതികളുടെ ഭാഗമാണ് മാനസികാരോഗ്യ രംഗത്തേക്കുള്ള ഈ പുതിയ ചുവടുവെപ്പ്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് എച്ച്എൽഎൽ.

തൊഴിൽ സ്ഥലങ്ങളിലെ മാനസികാരോഗ്യ സംരംഭങ്ങളെ പിന്തുണയ്ക്കാനും ശക്തിപ്പെടുത്താനും, ശേഷി വർദ്ധിപ്പിക്കാനും ഈ സഹകരണം ലക്ഷ്യമിടുന്നു. മാനസികാരോഗ്യത്തെക്കുറിച്ചുള്ള ബോധവത്കരണം, ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനം, ഗവേഷണവികസനം, മാനസികാരോഗ്യ നയങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ എന്നിവ ധാരണയിൽ ഉൾപ്പെടുന്നു.

എച്ച്എൽഎല്ലിന്റെ രാജ്യവ്യാപകമായ ശൃംഖലയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസിന്റെ വൈദഗ്ധ്യവും ഈ സഹകരണത്തിലൂടെ പ്രയോജനപ്പെടുത്തും. അമൃത് ഫാർമസികൾ സ്ഥാപിക്കുന്നതുൾപ്പെടെ എച്ച്എൽഎല്ലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസും തമ്മിൽ മുൻപും സഹകരിച്ചിട്ടുണ്ട്.

# കാർഷിക മാലിന്യത്തിൽ നിന്ന് ഗ്രീൻ ഹൈഡ്രജനും ബയോസിഎൻജിയും ഉത്പാദിപ്പിച്ച് എംഐടി ഡബ്ല്യുപിയു

**കൊച്ചി:** കാർഷിക മാലിന്യത്തിൽ നിന്ന് ഗ്രീൻ ഹൈഡ്രജനും ബയോസിഎൻജിയും ഉത്പാദിപ്പിക്കുന്നതിനുള്ള കാർബൺനെഗറ്റീവ് സാങ്കേതികവിദ്യ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റി (എംഐടിഡബ്ല്യുപിയു) ഗ്രീൻ ഹൈഡ്രജൻ ഗവേഷണ കേന്ദ്രത്തിലെ ഗവേഷകർ വികസിപ്പിച്ചെടുത്തു.



എംഐടിഡബ്ല്യുപിയു ഗ്രീൻ ഹൈഡ്രജൻ ഗവേഷണ കേന്ദ്രത്തിന്റെ അസോസിയേറ്റ് ഡയറക്ടർ ഡോ. രത്നദീപ് ജോഷിയുടെ നേതൃത്വത്തിലുള്ള ഗവേഷക സംഘമാണ് മിശ്രിത കാർഷിക മാലിന്യത്തിൽ നിന്ന് ബയോസിഎൻജിയും ഗ്രീൻ ഹൈഡ്രജനും ഉത്പാദിപ്പിക്കുന്ന ഒരു നൂതന, കാർബൺനെഗറ്റീവ് പ്രക്രിയ വികസിപ്പിച്ചെടുത്തത്. 2030 ആകുമ്പോഴേക്കും പ്രതിവർഷം 5 ദശലക്ഷം മെട്രിക് ടൺ ഗ്രീൻ ഹൈഡ്രജൻ ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന ദേശീയ ഗ്രീൻ ഹൈഡ്രജൻ മിഷനുമായി ഇത് യോജിക്കുന്നു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ നിന്നും, വലിയ അളവിൽ കാർഷിക മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് ആശങ്കാകുലരായ കർഷകരുമായുള്ള സംഭാഷണങ്ങളിൽ നിന്നുമാണ് ഈ ആശയം ഉടലെടുത്തത്. പഴയ ബയോമാസ്ടു ഗ്യാസ് പരിവർത്തന രീതികൾക്ക് 5–7 ശതമാനം വരെ കാര്യക്ഷമത ഉണ്ടായിരുന്നു.

ഈ വ്യാവസായിക നവീകരണം ഇതിനകം തന്നെ ഊർജ്ജ മേഖലയുടെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. സാങ്കേതിക കൈമാറ്റത്തിനായി സർവകലാശാലയുമായി പങ്കാളിത്തത്തിൽ ഏർപ്പെടാൻ സംരംഭകർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

# ഐടി സൊല്യൂഷനുകൾ ശക്തിപ്പെടുത്താൻ പിഎൻബി ടിസിഐഎൽ പങ്കാളിത്തം

**ന്യൂദൽഹി:** പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി), തങ്ങളുടെ ഐടി ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിനും അതിന്റെ സാങ്കേതിക പരിവർത്തന യാത്ര വേഗത്തിലാക്കുന്നതിനുമായി, വാർത്താവിനിമയ മന്ത്രാലയത്തിന് കീഴിലുള്ള ടെലികമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡുമായി (ടിസിഐഎൽ) ധാരണാപത്രത്തിൽ ഒപ്പുവച്ചു.

പിഎൻബിയുടെ ഡിജിറ്റൽ ശേഷി ശക്തിപ്പെടുത്തുന്നതിനും, പ്രവർത്തനപരമായ പ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനും, ഉപഭോക്തൃ സേവനങ്ങളിലെ നവീകരണത്തെ പിന്തുണയ്ക്കുന്നതിനുമായി ശക്തവും സുരക്ഷിതവും,നിയന്ത്രണഅനുസൃതവുമായ പരിഹാരങ്ങൾ നൽകുക എന്നതാണ് സഹകരണത്തിന്റെ ലക്ഷ്യം.

ഈ സഹകരണം പിഎൻബിയെ പുതിയ സാങ്കേതികവിദ്യകൾ വേഗത്തിൽ സ്വീകരിക്കാനും, സുരക്ഷിതമായ പ്രവർത്തനങ്ങൾ ഉറപ്പാക്കാനും, ഉപഭോക്താക്കൾക്ക് വേഗത്തിലും, കൂടുതൽ വിശ്വസനീയവും, ഡിജിറ്റൽ വഴി പ്രാപ്തമാക്കിയതുമായ ബാങ്കിംഗ് അനുഭവങ്ങൾ നൽകാനും പ്രാപ്തമാക്കും.

ന്യൂദൽഹിയിലെ ടിസിഐഎൽ ആസ്ഥാനത്ത് വിശിഷ്ടാതിഥികൾ പങ്കെടുത്ത ചടങ്ങിൽ പിഎൻബിയെ പ്രതിനിധീകരിച്ച് ജിഎം മനീഷ് അഗർവാളും മറ്റു മുതിർന്ന ഉദ്യോഗസ്ഥരും, ടിസിഐഎൽ പ്രതിനിധി സംഘത്തെ സിഎംഡി സഞ്ജീവ് കുമാറും നയിച്ചു.

# 5സ്റ്റാർ വാട്ടർ ഹീറ്ററുകൾ പുറത്തിറക്കി കെൻസ്റ്റാർ



**ന്യൂദൽഹി:** കെൻസ്റ്റാർ ഏറ്റവും പുതിയ വാട്ടർ ഹീറ്ററുകളുടെ ശ്രേണി പുറത്തിറക്കി. സ്വേൾ ഹീറ്റ് സാങ്കേതികവിദ്യ സജ്ജീകരിച്ചിരിക്കുന്ന പുതിയ വാട്ടർ ഹീറ്ററുകൾ 20% വരെ കൂടുതൽ ചൂടുവെള്ളം ഉൽപ്പാദിപ്പിക്കുന്നു. ഉയർന്ന സാന്ദ്രതയുള്ള പിയുഎഫ് ഇൻസുലേഷൻ 10% വരെ കൂടുതൽ ചൂട് നിലനിർത്തൽ ഉറപ്പാക്കുന്നുതതിലൂടെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നു. നൂതനമായ ജർമ്മൻ ബ്ലൂ സഫയർ ടെക്നോളജി ഉൽപ്പന്ന ആയുസ്സ് 40% വർദ്ധിപ്പിക്കുന്നു. സമാനതകളില്ലാത്ത ഈട് നിൽപ്പാണ് ഇത് വാഗ്ദാനം ചെയ്യുന്നത്. കൂടാതെ, ഈ ശ്രേണിക്ക് 5സ്റ്റാർ ബിഇഇ റേറ്റിംഗ് ഉള്ളതിനാൽ വൈദ്യുതി ബില്ലുകളിൽ ഗണ്യമായ ലാഭം ഉണ്ടാക്കുന്നു. ടാങ്കുകൾക്ക് 7 വർഷത്തെ വാറന്റിയോടെ വരുന്ന ഈ വാട്ടർ ഹീറ്റർ ദീർഘമായ ഈട്, സ്ഥിരമായ പ്രകടനം, ഉപഭോക്തൃ സംതൃപ്തി എന്നിവ ഉറപ്പ് നൽകുന്നു.

3 ലിറ്റർ മുതൽ 100 ലിറ്റർ വരെ ശേഷിയുള്ള സ്റ്റോറേജ് വാട്ടർ ഹീറ്ററുകൾ, ഇൻസ്റ്റന്റ് വാട്ടർ ഹീറ്ററുകൾ, ടാങ്ക്ലെസ് വാട്ടർ ഹീറ്ററുകൾ, ഗ്യാസ് വാട്ടർ ഹീറ്ററുകൾ, ഇമേഴ്ഷൻ റോഡുകൾ എന്നിവയുൾപ്പെടെ വിപുലമായ പുതിയ വാട്ടർ ഹീറ്ററുകൾ കെൻസ്റ്റാർ വാഗ്ദാനം ചെയ്യുന്നു. സ്മാർട്ട് സാങ്കേതികവിദ്യയിലൂടെ ഓരോ ശ്രേണിയും 8ബാർ പ്രഷർ കോംപാറ്റിബിലിറ്റിയെ പിന്തുണയ്ക്കുകയും പ്രകടനത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന നഗര ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു.

കെൻസ്റ്റാറിന്റെ 7ലെവൽ സേഫ്റ്റി ഷീൽഡ്, തെർമൽ കട്ട് ഔട്ട് പ്രൊട്ടക്ഷൻ, ഐപിഎക്സ്4 സ്പ്ലാഷ്പ്രൂഫ് ഡിസൈൻ, മൾട്ടിഫങ്ഷണൽ വാൽവുകൾ തുടങ്ങിയ സവിശേഷതകൾ ശക്തമായ സംരക്ഷണം നൽകുന്നു. ഈ സുരക്ഷാ സവിശേഷതകൾ ഉപഭോക്താക്കൾക്ക് സുരക്ഷിതവും ആശങ്കരഹിതവുമായ അനുഭവം ഉറപ്പാക്കുന്നു. തടിയുടെ ഫിനിഷുകളുള്ള ആർട്ട് സീരീസ്, നാല് ഊർജ്ജസ്വലമായ വർണ്ണ വകഭേദങ്ങളിൽ (സ്നോ വൈറ്റ്, ഗോൾഡൻ യെല്ലോ, കൊക്കോ ബ്രൗൺ, ഓഷ്യൻ ബ്ലൂ) ലഭ്യമായ ഒറിസ് സീരീസ് എന്നിവയുൾപ്പെടെയുള്ള പ്രീമിയം ഡിസൈനുകൾ ഈ ശേഖരത്തിൽ ഉൾപ്പെടുന്നു. ഇത് ആധുനിക ബാത്ത്റൂമുകളിൽ സൗന്ദര്യവും നൂതനത്വവും തികവുറ്റ രീതിയിൽ സംയോജിപ്പിക്കുന്നു.

# പിക്യ്വവർ ട്രെയിൽ കൊച്ചിയിൽ സ്റ്റോർ ആരംഭിച്ചു

**കൊച്ചി:** അന്താരാഷ്ട്ര ഹോളിഡേ പാക്കേജുകൾ ഒരുക്കുന്ന പിക്യ്വവർട്രെയിൽ കൊച്ചിയിൽ പുതിയ സ്റ്റോർ ആരംഭിച്ചു. തിരുവനന്തപുരിത്തിന് ശേഷമുള്ള, കമ്പനിയുടെ കേരളത്തിലെ രണ്ടാമത്തെ റീട്ടെയിൽ ഔട്ട്ലെറ്റാണിത്. 2025ൽ ദക്ഷിണേന്ത്യയിലെ കമ്പനിയുടെ ബുക്കിംഗുകളുടെ 10% കേരളത്തിൽ നിന്നാണ്.



# എച്ച്. ആർ. ഡി. എസ്. പഹൽഗാം ഭീകരാക്രമണ ഇരകൾക്ക് 1500 സ്മാർട്ട് വീടുകൾ സൗജന്യമായി നിർമ്മിക്കും

**ശ്രീനഗർ:** രാജ്യത്തിന്റെ എക്കാലത്തെയും നൊമ്പരമായ പഹൽഗാം ഭീകരാക്രമണത്തിന്റെ കരുത്തുറ്റ ചെറുത്തുനിൽപ്പായ ഓപ്പറേഷൻ സിന്ധൂറിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ജമ്മുകാശ്മീരിൽ പഹൽഗാം ഭീകരാക്രമണത്തിൽ വീടുകൾ നഷ്ടമായവർക്ക് ജമ്മു കാശ്മീർ സർക്കാർ സൗജന്യമായി പുതിയ വീടുകൾ നിർമ്മിച്ചു നൽകും. 1500 വീടുകളാണ് ഇപ്രകാരം സൗജന്യമായി നിർമ്മിക്കുന്നത്. രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ജമ്മുകാശ്മീർ ഗവൺമെന്റ് എച്ച്. ആർ. ഡി. എസ്. ഇന്ത്യയുമായി ധാരണാപത്രം ഒപ്പുവച്ചു.പഹൽഗാമിലെ ഭീകരാക്രമണത്തിന് ഓപ്പറേഷൻ സിന്ധൂറിലൂടെ കനത്ത തിരിച്ചടി നൽകിയ കേന്ദ്ര സർക്കാർ ഭീകരാക്രമണത്തിൽ മുറിവേറ്റവരുടെ കണ്ണീരൊപ്പുകയെന്ന ലക്ഷ്യത്തോടെയാണ് സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകാനുള്ള ബൃഹദ് പദ്ധതി ആവിഷ്കരിച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് എച്ച്. ആർ. ഡി. എസിനോട് സുപ്രധാനമായ ചുമതല ഏറ്റെടുക്കാൻ നിർദ്ദേശിച്ചത്. വീടുകൾ നഷ്ടപ്പെട്ട കുടുംബങ്ങളും ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ അടുത്ത ബന്ധുക്കളും പദ്ധതിയുടെ ഗുണഭോക്താക്കളാകും.

ജമ്മുകാശ്മീർ രാജ്ഭവനിൽ നടന്ന ചടങ്ങിൽ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുടെ സാന്നിദ്ധ്യത്തിൽ സർക്കാരിന് വേണ്ടി ജമ്മു ഡിവിഷണൽ കമ്മീഷണർ രമേഷ് കുമാർ ഐ. എ. എസ്., കാശ്മീർ അഡീഷണൽ കമ്മീഷണർ ആൻഷുൽ ഗാർഗ് ഐ. എ. എസ്., എച്ച്. ആർ. ഡി. എസ്. ഇന്ത്യക്ക് വേണ്ടി സ്ഥാപക സെക്രട്ടറി അജി കൃഷ്ണൻ എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

702 ചതുരശ്ര അടിയിൽ ഇരുനിലകളിലായി ആധുനിക സാങ്കേതിക മികവിൽ മൂന്ന് ബെഡ്റൂം സ്മാർട് വീടുകളാണ് നിർമ്മിക്കുന്നത്.

സൗജന്യ ഇന്റർനെറ്റ്, ആരോഗ്യവിദ്യാഭ്യാസ ബോധവത്കരണം, ശുചിത്വ പരിശീലനം എന്നിവയും എച്ച്. ആർ. ഡി. എസ്. ഇന്ത്യ ഉറപ്പാക്കും. ബി. എസ്. എൻ. എല്ലിന്റെ സഹകരണത്തോടെയാണ് ഇന്റർനെറ്റ്, ഡിജിറ്റൽ സൗകര്യങ്ങൾ സജ്ജമാക്കുന്നത്. അഞ്ചു വർഷത്തിലൊരിക്കൽ വീടുകൾ സൗജന്യമായി പെയിന്റ് ചെയ്യും. സന്നദ്ധപ്രവർത്തകർ ഓരോ മാസവും ഗുണഭോക്തൃ വീടുകൾ സന്ദർശിച്ച് സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ കൈമാറും. വീടുകൾക്ക് 30 വർഷത്തെ ഗ്യാരന്റി നൽകും.

ഗുണഭോക്താക്കളെ ഡിവിഷണൽ കമ്മീഷണർമാരും എച്ച്.ആർ.ഡി.എസും ചേർന്ന് തിരഞ്ഞെടുക്കും. പഹൽഗാമിന് മുമ്പ് 1947മുതൽ നടന്ന ഭീകരാക്രമണങ്ങളും സായുധ സംഘടനങ്ങളും മൂലം വീടുകൾ നശിച്ചുപോയവരെയും ജമ്മു കാശ്മീരിലെ സമീപകാല പ്രളയത്തിൽ വീടുകൾ തകർന്നവരെയും പദ്ധതിയിൽ ഉൾപ്പെടുത്തും.

ഒരു മാസത്തിനുള്ളിൽ വീട് നിർമ്മാണം ആരംഭിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും മുൻകൈ എടുത്താണ് ഈ സമഗ്രപദ്ധതിയുടെ നിർമ്മാണ ചുമതല എച്ച്.ആർ.ഡി.എസ്. ഇന്ത്യയെ ഏൽപ്പിച്ചത്.

രാജ്യത്തെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്കും ആദിവാസികൾക്കും വേണ്ടി കഴിഞ്ഞ 30 വർഷമായി പ്രവർത്തിക്കുന്ന എച്ച്.ആർ.ഡി. എസ്. ഇന്ത്യയിലെ ഇരുപത് സംസ്ഥാനങ്ങളിലായി ഭവന നിർമ്മാണ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

ഈ അനുഭവസമ്പത്തിന്റെ കരുത്തിലാണ് രാജ്യത്തെ വലിയൊരു യുദ്ധാനന്തര പുനർനിർമ്മാണത്തിന്റെ ദൗത്യം എച്ച്.ആർ.ഡി. എസ് ഏറ്റെടുത്തിരിക്കുന്നതെന്ന് എച്ച്. ആർ. ഡി. എസ്. ഇന്ത്യ സ്ഥാപക സെക്രട്ടറി അജി കൃഷ്ണൻ പറഞ്ഞു.

ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ അധ്യക്ഷനായിരുന്നു. ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. മൻദീപ് കെ. ഭണ്ഡാരി, ജമ്മു ഡിവിഷണൽ കമ്മീഷണർ രമേഷ് കുമാർ ഐ. എ. എസ്, കാശ്മീർ അഡീഷണൽ കമ്മീഷണർ ആൻഷുൽ ഗാർഗ് ഐ. എ. എസ്, എച്ച്. ആർ. ഡി. എസ്. ഇന്ത്യ സ്ഥാപക സെക്രട്ടറി അജി കൃഷ്ണൻ, എച്ച്.ആർ.ഡി.എസ് ഇന്ത്യ അഡ്മിനിസ്ട്രേറ്റർ സരിത പി. മേനോൻ, സി എസ് ആർ വിഭാഗം ഡയറക്ടർ ജി. സ്വരാജ് കുമാർ, ഗ്ലോബൽ ഇനിഷ്യേറ്റീവ്സ് ചെയർമാൻ സഞ്ജീവ് ഭട്നഗർ എന്നിവർ പ്രസംഗിച്ചു.

## സിഎബികെ നവാസ് നിസാർ ക്രിക്കറ്റ് ടൂർണമെന്റിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദ ബ്ലൈൻഡ് ഇൻ കേരള നടത്തുന്ന കാഴ്ച പരിമിതരുടെ നവാസ് നിസാർ ഓൾ കേരള ക്രിക്കറ്റ് ടൂർണമെന്റിന് കൊച്ചിയിൽ തുടക്കമായി. ആലുവ ബ്ലൈൻഡ് സ്കൂൾ ഗ്രൗണ്ട്, യു സി കോളേജ് ഗ്രൗണ്ട് എന്നിവടങ്ങളിലാണ് ടൂർണമെന്റ്. മലബാർ ടസ്ക്കേഴ്സ്, പാലക്കാട് സ്പാർട്ടൻസ്, ദർശന സിൽവർ സ്റ്റാലിയൻസ് തൃശൂർ, കെഎഫ്ബി ടൈഗേഴ്സ് കോട്ടയം, എബിലിറ്റി അവൻജേഴ്സ്, കൊച്ചിൻ ബ്ലൂ വെയിൽസ് എന്നീ 6 ടീമുകൾ പങ്കെടുക്കും. നാലു ദിവസങ്ങളിലായി നടക്കുന്ന ലീഗ് മാച്ചിന് ശേഷം മികച്ച രണ്ട് ടീമുകൾ യു സി കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന ഫൈനലിൽ മാറ്റുരയ്ക്കും. ടൂർണമെന്റ് ഉദ്ഘാടനം നാവിയോ ഷിപ്പിംഗ് കമ്പനി ചെയർമാൻ അജയ് തമ്പി നിർവഹിച്ചു. ലോക ബ്ലൈൻഡ് ക്രിക്കറ്റ് കൗസിലിന്റെ (ഡബ്ള്യു.ബി.സി.സി) സെക്രട്ടറി ജനറൽ രജനീഷ് ഹെൻട്രി, സിഎബികെ ട്രഷറർ സന്തോഷ് പി, സിഎബികെ അഡ്വൈസർ എബി എബ്രഹാം എന്നിവരും ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു.

## ബി എനർജിയ സോളാർ സ്ട്രക്ചർ നിർമാണ രംഗത്തേക്ക്

**കൊച്ചി:** ശുദ്ധമായ ഊർജ്ജ സംവിധാനങ്ങളുടെ രംഗത്തെ രാജ്യത്തെ മുൻനിര കമ്പനികളിലൊന്നായ എബി എനർജിയ സൗരോർജ്ജ പാനലുകൾക്കുള്ള ഫിക്സഡ് ടിൽറ്റ് സ്റ്റീൽ സ്ട്രക്ചറുകൾ നിർമിക്കുന്ന രംഗത്തേക്കു കടക്കുന്നു. എവിഐഐഐഎസ്ഐഐ ഇലക്ട്രിക് സിസ്റ്റംസ് എന്ന സബ്സിഡിയറി രൂപീകരിച്ചാണ് ഈ നീക്കത്തിനു തുടക്കം കുറിക്കുന്നത്. സോളാർ പദ്ധതികൾ നടപ്പാക്കുന്ന വേളയിലെ അഭിവാജ്യ ഘടകത്തിൻറെ ഗുണനിലവാരത്തിലും ചെലവിലും നേരിട്ടുള്ള നിയന്ത്രണം നേടാൻ കൂടി ഈ നീക്കം എബി എനർജിയെ സഹായിക്കും. സോളാർ പദ്ധതികളുടെ നീണ്ട നിലനിൽപ്പിൽ അടിസ്ഥാനപരമായി പ്രാധാന്യമുള്ളവയാണ് സ്റ്റീൽ ചട്ടക്കൂടുകൾ. ശക്തമായ ബിസിനസ് മാതൃക സൃഷ്ടിക്കാനും പുതിയ വരുമാന മാർഗങ്ങൾ തുറന്നു നൽകാനും ഇതു സഹായകവുമാകും. ആദ്യ ആറു മാസത്തേക്ക് ഉറപ്പായ 50 കോടി രൂപയുടെ ഓർഡറുകളും 5000 ടൺ നിർമാണ ശേഷിയുമായാണ് പ്രവർത്തനം ആരംഭിക്കുന്നത്.

## ടയറുകളുടെ വില കുറച്ച് സിയറ്റ്

**കൊച്ചി:** കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ചരക്ക് സേവന നികുതി പരിഷ്കാരങ്ങളുടെ ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി സിയറ്റ് എല്ലാ ടയറുകളുടെയും വില കുറച്ചു. കമ്പനി 100 ശതമാനം ആനുകൂല്യങ്ങളും വിതരണക്കാർക്കും ഉപഭോക്താക്കൾക്കും നൽകും. പുതിയ ടയറുകളുടെ ജിഎസ്ടി 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചു. അതേസമയം ട്രാക്ടർ ടയറുകൾക്കും ട്യൂബുകൾക്കും 5 ശതമാനം ജിഎസ്ടി മാത്രമായിരിക്കും ബാധകമാകുക.

ടയർ മേഖലയിലെ നികുതി നിരക്കുകൾ യുക്തിസഹമാക്കുന്നതിനുള്ള സമയോചിതവും പുരോഗമന പരവുമായ തീരുമാനത്തിന് കേന്ദ്ര സർക്കാരിനോടും ജിഎസ്ടി കൗൺസിലിനോടും നന്ദി അറിയിക്കുന്നുവെന്ന് സിയറ്റ് ലിമിറ്റഡിൻറെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അർണബ് ബാനർജി പറഞ്ഞു.

പുതിയ ജിഎസ്ടി നിരക്കുകൾക്ക് അനുസരിച്ചുള്ള കുറഞ്ഞ വില സെപ്റ്റംബർ 22 മുതൽ എല്ലാ സിയറ്റ് ഉൽപ്പന്നങ്ങൾക്കും ബാധകമായിരിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com